ക്ലാസ്സ്
4

മതബോധനകേന്ദ്രം
മാനന്തവാടി രൂപത
First Semester Examination 2026-27

ആകെ മാർക്ക് : 80
പാർട്ട് 1 : 60
പാർട്ട് 2 : 20
സമയം : 2 മണിക്കൂർ

പേര്, വീട്ടുപേര് :

ഇടവക :

പാർട്ട് 1

പദസഞ്ചിയിൽ നിന്നും ഉചിതമായ ഉത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക. **6×1=6**

1. എന്തിനോടാണ് ഈശോ തന്നെതന്നെ ഉപമിച്ചിരിക്കുന്നത്?

2. ഈശോ ലോകത്തിന് തന്റെ ജീവൻ നൽകുന്നത് എന്തിലൂടെയാണ്?

3. ശാഖകൾ തായ്ത്തണ്ടിനോട് ചേർന്ന് നിന്നാൽ മാത്രമേ അതിലൂടെ ഒഴുകുന്ന ..... ശാഖകളിലേക്ക് എത്തുകയുള്ളൂ.

4. ഈശോയുടെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നതിന് ..... ആവശ്യമാണ്.

5. നമുക്ക് ദൈവികജീവൻ എത്തിക്കുന്ന നീർച്ചാലുകൾ

6. ആദിമാതാപിതാക്കളുടെ പാപം മൂലം നമുക്കുണ്ടാകുന്ന പാപാവസ്ഥയാണ്.

പദസഞ്ചി

- **ജീവരസം**
- **ജന്മപാപം**
- **തിരുസഭ**
- **മുന്തിരിച്ചെടി**
- **കൂദാശകൾ**
- **വിശുദ്ധി**

ചേരുംപടി ചേർക്കുക. **6×1=6**

7.	അബ്രാഹം	ദൈവികജീവൻ
8.	ജീവജലം	സമർപ്പണം
9.	വി. കുർബാന	സഭയുടെ ശിരസ്സ്
10.	പെസഹ	മോറിയ
11.	മിശിഹ	വിശുദ്ധീകരിക്കുന്നകർമ്മം
12.	കൂദാശ	കടന്നുപോകൽ

വിട്ടുപോയത് എഴുതി പൂരിപ്പിക്കുക. **6×1=6**

13. കൂദാശകളിൽ ആദ്യത്തെ മൂന്നെണ്ണം ..... എന്നപേരിൽ അറിയപ്പെടുന്നു.

14. ഈശോയുടെ ഉത്ഥാനത്തിനുശേഷം ശിഷ്യന്മാരിൽ രണ്ടുപേർ ..... ഗ്രാമത്തിലേക്കാണ് പോയത്.

15. പുതിയ നിയമത്തിലെ പെസഹ ..... ന്റെ അടിമത്തത്തിൽ നിന്നുള്ള മോചനമാണ്.

16. സഭയിലെ ആദ്യത്തെ രക്തസാക്ഷി ..... ആണ്.

17. വി. കുർബാനയിൽ, കുർബാന സ്വീകരണത്തിന് മുമ്പുള്ള അനുരഞ്ജനശുശ്രൂഷ .....

..... ചെയ്യുവാൻ നമ്മെ സഹായിക്കുന്നു.

18. മാമ്മോദീസയുടെ കർമ്മങ്ങൾ ആരംഭിക്കുന്നത് ..... ൽ വച്ചാണ്.

ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **7×2=14**

19. ഈശോയുടെ വചനങ്ങൾ പാലിക്കാതിരുന്നാൽ നമുക്ക് എന്തു സംഭവിക്കും?

20. തൈലാഭിഷേകമെന്ന കൂദാശയിലൂടെ നമുക്ക് ലഭിക്കുന്നത് എന്തൊക്കെയാണ്?

21. ദൈവികജീവൻ ലഭിക്കുന്നത് എങ്ങനെ ഉള്ളവർക്കാണ്?

22. ഈശോ സ്വയം ബലിയായി തീർന്നത് എന്തിന്?

23. പഴയനിയമത്തിലെ പെസഹായും പുതിയ നിയമത്തിലെ പെസഹായും തമ്മിലുള്ള വ്യത്യാസമെന്ത്?

24. മാരകപാപം ചെയ്തിട്ടുണ്ടെങ്കിൽ വി. കുർബാന സ്വീകരിക്കുന്നതിനുമുമ്പ് എന്തു ചെയ്യണം?

25. എങ്ങനെയാണ് കൂദാശകൾ സ്വീകരിക്കേണ്ടത്?

മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **4×4=16**

26. എങ്ങനെയാണ് ഈശോയുടെ ജീവൻ നമ്മിലേയ്ക്കും നമ്മിലൂടെ മറ്റുള്ളവരിലേക്കും ഒഴുകുന്നത്?

27. ബലിയർപ്പണത്തിന്റെ ഫലങ്ങൾ എന്തെല്ലാം?

28. വി. കുർബാന യോഗ്യതയോടെ സ്വീകരിക്കുവാൻ വേണ്ട കാര്യങ്ങൾ എത്ര? ഏതൊക്കെ?

29. വി. കുർബാനയെ ഐക്യത്തിന്റെ കൂദാശ എന്നു വിളിക്കുന്നത് എന്തുകൊണ്ട്?

ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക. **1×5=5**

30. തൈലാഭിഷേക കൂദാശയുടെ ഫലങ്ങൾ എന്തെല്ലാം?

31. മാമ്മോദീസയെ ക്രൈസ്തവ ജീവിതത്തിന്റെ വാതിൽ എന്നു വിളിക്കുന്നത് എന്തുകൊണ്ട്? **1×7=7**
മാമ്മോദീസയുടെ ദൃശ്യമായ അടയാളങ്ങൾ എന്തൊക്കെയാണ്? ഓരോന്നും എന്തിനെ സൂചിപ്പിക്കുന്നു?

പാർട്ട് 2

ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **2×2=4**

1. പത്ത് ദൈവകല്പനകളെ രണ്ട് കല്പനകളിൽ സംഗ്രഹിച്ചിട്ടുണ്ട്. അവ ഏതൊക്കെ?

2. കാരുണ്യപ്രവൃത്തികളിൽ (ശാരീരികങ്ങൾ) ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

ബ്രായ്ക്കറ്റിൽനിന്നും എടുത്തെഴുതുക. **5×1=5**

3. ഈശോ രക്ഷകനും ദൈവവുമാണെന്ന് ഏറ്റുപറയുന്നവരാണ്

(ക്രിസ്തുശിഷ്യർ, ക്രിസ്ത്യാനികൾ, വിശുദ്ധർ)

4. കേരളത്തിൽ തോമാശ്ലീഹായിൽനിന്നും വിശ്വാസം സ്വീകരിച്ചവരെ

എന്നു വിളിക്കുന്നു

(കത്തോലിക്കർ, ക്രൈസ്തവർ, മാർത്തോമാ ക്രിസ്ത്യാനികൾ)

5. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

(മാർ ജോർജ് ആലഞ്ചേരി, മാർ റാഫേൽ തട്ടിൽ, മാർ ജോസഫ് പാംബ്ലാനി)

6. സീറോ മലബാർ സഭയുടെ പിതാവ് ആര്?

(മാർപാപ്പ, വി. തോമാശ്ലീഹാ, വി. പത്രോസ്)

7. സീറോ മലബാർ സഭയുടെ ആദ്യത്തെ വികാരി ജനറാൾ

(കുഞ്ഞച്ചൻ, ചാവറയച്ചൻ, വർക്കിയച്ചൻ)

വിട്ടുപോയവ പൂരിപ്പിക്കുക. **3×1=3**

8. "പുഞ്ചിരി തിരിവെട്ടമാണ് ..... മുഖഭാവത്തോടെ നോക്കി കരുണയോടെ ഞാൻ പുഞ്ചിരിക്കും."

9. "..... എന്ന തിരുനാമം ഉച്ചരിക്കുന്നത് ഏറെ മധുരമാണ്."

10. "നിന്റെ കൂട്ടുകാർ ആരെന്ന് പറയുക, ... പറയാം."

ഉത്തരമെഴുതുക. **1×2=2**

11. തോമാശ്ലീഹായുടെ മറ്റൊരു പേര്

ദൈവവചനം പൂർത്തിയാക്കി എഴുതുക. **1×2=2**

12. "ഞാൻ വന്നിരിക്കുന്നത് .....,

..... ഉണ്ടാകാനുമാണ്." (യോഹ. 10/10)

ഉത്തരമെഴുതുക. **4×1=4**

13. മരണാസന്നർക്ക് നൽകുന്ന വി. കുർബാനയെ സൂചിപ്പിക്കുന്ന വാക്ക്?

14. ഏഴ് കൂദാശകളും ഈശോ സ്ഥാപിച്ചതാണെന്ന് പഠിപ്പിച്ച സൂനഹദോസ്?

15. പുതിയ നിയമത്തിൽ ജ്ഞാനസ്നാനം എന്ന പദം ആദ്യമായി ഉപയോഗിച്ചതാര്?

16. വിശുദ്ധ കുർബാനയെ അമർത്യതയുടെ ഔഷധം എന്ന് വിശേഷിപ്പിച്ചതാര്?